# Handover Ceremony for the Final Phase of the Project for Supply and Installation of 1500 Hand Pumps for Augmentation of Rural Water Supply in Cambodia

September 27, 2021

## കംബോഡിയയിൽ ഗ്രാമ പ്രദേശങ്ങളിലെ ജല വിതരണം മെച്ചപ്പെടുത്തുന്നതിനായി 1500 ഹാൻഡ് പമ്പുകൾ വിതരണം ചെയ്യുകയും സ്ഥാപിക്കുകയും ചെയ്യുന്നതിനായുള്ള പ്രോജക്ടിന്റെ അവസാന ഘട്ടം കൈമാറുന്ന ചടങ്ങ്

സെപ്റ്റംബർ 27, 2021

"കംബോഡിയയിൽ ഗ്രാമ പ്രദേശങ്ങളിലെ ജല വിതരണം മെച്ചപ്പെടുത്തുന്നതിനായി 1500 ഹാൻഡ് പമ്പുകൾ വിതരണം ചെയ്യുകയും സ്ഥാപിക്കുകയും ചെയ്യുന്നതിനായുള്ള " പ്രോജക്ടിന്റെ അന്തിമ ഘട്ടത്തിന്റെ കൈമാറ്റം ഇന്ന് വിർച്വൽ രീതിയിൽ സംഘടിപ്പിച്ച ചടങ്ങളിൽ വച്ച നടന്നു. ചടങ്ങിൽ വിദേശകാര്യ സഹമന്ത്രി ഡോ. രാജ്കുമാർ രഞ്ജൻ സിംഗ് കംബോഡിയ റൂറൽ ഡെവലൊപ്മെന്റ് മന്ത്രി ഡോ. ഔക് റാബോൺ എന്നിവർ പങ്കെടുത്തു.

2. 2. പദ്ധതിയുടെ നടത്തിപ്പിന് 100% ഗ്രാന്റിലൂടെ ഇന്ത്യാ ഗവൺമെന്റ് ധനസഹായം നൽകിയിരുന്നു . കംബോഡിയയിലെ 2 പ്രവിശ്യകളായ ബൗങ്ഖവും, ബാന്റേതായയ്മീൻചെ എന്നിവിടങ്ങളിൽ 1500 ഹാൻഡ് പമ്പുകളുടെ വിതരണവും ഇൻസ്റ്റാളേഷനും ഇതിൽ ഉൾപ്പെടുന്നു, 433 ഗ്രാമങ്ങളിലെ ഏകദേശം 4,00,000 ഗ്രാമീണ ജനതയ്ക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുകയും സുരക്ഷിതമായ കുടിവെള്ളം ലഭിക്കുന്ന മൊത്തം ജനവിഭാഗം 27% ൽ നിന്ന് 40% ആയി ഉയരുകയും ചെയ്തു.

3. ഇന്ത്യയും കംബോഡിയയും തമ്മിലുള്ള ശക്തമായ ഉഭയകക്ഷി വികസന സഹകരണത്തിന്റെ പ്രതിഫലനമാണ് പദ്ധതി. തുടർച്ചയായ വിഭവ ശേഷി വികസന ശ്രമങ്ങൾ, ഗ്രാന്റുകളുടെയും ഇളവുകളുള്ള വായ്പകളുടെയും അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം എന്നിവയിലൂടെ കംബോഡിയയുടെ സാമ്പത്തിക വികസനത്തിൽ ഒരു സുപ്രധാന പങ്കാളിയാകാനാകുമെന്നു ഇന്ത്യ പ്രതീക്ഷിക്കുന്നു.

**ന്യൂ ഡൽഹി**
**സെപ്റ്റംബർ 27, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.